## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കമാർ ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) G.O(P) No.27/2021/Fin Dated:10/02/2021
2) വനിത ശിശുവികസന ഡയറക്ടറുടെ 04/03/2024 തീയതിയിലെ DWCD/7224/2023/E8 നമ്പർ ഉത്തരവ്
3) വനിത ശിശുവികസന ഡയറക്ടറുടെ 06/03/2025, 06/04/2025 തീയതികളിലെ DWCD/1349/2025/E9 നമ്പർ ഉത്തരവുകൾ

**ഉത്തരവ് നം. DWCD/11/2025-E7 തീയതി: 23-05-2025**

പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലെ അനക്സർ XI ൽ ജൂനിയർ സൂപ്രണ്ട് തസ്തികയുടെ 1/3 ഭാഗം ജീവനക്കാർക്ക് 50200-105300 രൂപ ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷനിലൂടെ ഹയർഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വനിതാ ശിശുവികസന വകുപ്പിന് അനുവദിച്ചിട്ടുള്ള 75 ജൂനിയർ സൂപ്രണ്ടുമാരിൽ 25 പേർക്ക് ഹയർഗ്രേഡിന് അർഹതയുണ്ട്. പരാമർശം (2) പ്രകാരമുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. (34) വരെയുള്ള 25 ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഹയർഗ്രേഡ് വിവിധ ഘട്ടങ്ങളിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരിൽ 3 പേർക്ക് പരാമർശം(3) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതിനാലും ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഹയർഗ്രേഡ് ലഭിച്ചിട്ടുള്ള ശ്രീമതി സലീന വി.എസ് 31/01/2025 ന് വിരമിച്ചതിനാലും സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം (35) മുതൽ 38 വരെയുള്ള 4 ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്.

ടി സാഹചര്യത്തിൽ ചുവടെ പറയുന്ന 4 ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ കെ.എസ്.ആർ.പാർട്ട്-1 ചട്ടം 28 എ യ്ക്ക് വിധേയമായി 50200-105300 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, നിലവിൽ ജോലിചെയ്യുന്ന കാര്യാലയം | സീനിയോറിറ്റി നം. | റേഷ്യോ ഓഫ് പ്രൊമോഷൻ അനുവദിക്കുന്ന തസ്തികയും സ്കെയിലും | ഹയർഗ്രേഡ് ആനുകൂല്യം അനുവദിക്കുന്ന പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | ശ്രീ.ആന്റണി റ്റി.ജി. ജൂനിയർ സൂപ്രണ്ട് ഐ.സി.ഡി.എസ് നോർത്ത് പറവൂർ | 35 | ജൂനിയർ സൂപ്രണ്ട്(H.Grade) (50200-105300) | 01/02/2025 |
| 2 | ശ്രീമതി.ഹൗവ്വ എം.റ്റി ജൂനിയർ സൂപ്രണ്ട് ഐ.സി.ഡി.എസ് കൊടുവള്ളി അഡീഷണൽ | 36 | ജൂനിയർ സൂപ്രണ്ട്(H.Grade) (50200-105300) | 06/03/2025 |

| | | | | |
|---|---|---|---|---|
| 3 | ശ്രീ വിനോദ് പി.കെ<br>ജൂനിയർ സൂപ്രണ്ട്<br>വനിതാ ശിശുവികസന<br>ഡയറക്ടറേറ്റ് | 37 | ജൂനിയർ<br>സൂപ്രണ്ട്(H.Grade)<br>(50200-105300) | 06/04/2025 |
| 4 | ശ്രീമതി.ബബിത റ്റി.കെ.<br>ജൂനിയർ സൂപ്രണ്ട്<br>ജില്ലാ വനിതാ<br>ശിശുവികസന<br>ഓഫീസ്,കണ്ണൂർ | 38 | ജൂനിയർ<br>സൂപ്രണ്ട്(H.Grade)<br>(50200-105300) | 06/04/2025 |

പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹയർഗ്രേഡ് അനുവദിക്കപ്പെട്ട തീയതി പ്രാബല്യത്തിൽ ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തുന്നതിനും ശമ്പള കുടിശ്ശിക അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.റേഷ്യോ ഹയർഗ്രേഡ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട കാര്യാലയ മേധാവിമാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

HARITHA V KUMAR
**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Signed by സൂപ്രണ്ട്
Chithra T
Date: 23-05-2025 14:13:36